Talented Bankers Literary Panel
പുസ്തകപരിചയം 73

പരിചയപ്പെടുത്തുന്നത്
സുരേഷ് നാരായണൻ
ധനലക്ഷ്മി ബാങ്ക്
ആലപ്പുഴ ശാഖ.

അബീശഗിൻ (നോവൽ)
ബെന്യാമൻ

ബെന്യാമിൻ ബൈബിൾ പഴയ നിയമത്തെ ഉപാസിച്ചെഴുതിയ ഒരു ചെറു നോവലാണ് അബീശഗിൻ.

എങ്കിലും അദ്ദേഹത്തിന്റെ കൈത്തഴക്കത്തിനും കൈത്തിളക്കത്തിനും ഒരു കുറവും ഇതിലില്ല.

തീർത്തും അപ്രധാനമായ ഒരു കഥാപാത്രത്തിന്- അബീശഗിന്- ഉയിർ കൊടുക്കുകയാണ് നോവലിസ്റ്റ് ചെയ്യുന്നത്.

സി വി ബാലകൃഷ്ണന്റെ "ആയുസ്സിനെ പുസ്തകത്തി"ലേതുപോലെ ബൈബിൾഭാഷയുടെ സൗന്ദര്യവും, സൗരഭ്യവും ഈ രചനയിൽ ആവോളം തെളിഞ്ഞൊഴുകുന്നു.

40 സംവൽസരത്തോളം നീണ്ടുനിന്ന സോളമന്റെ (ശലോമോൻ) വാഴ്ച്ചയോടൊപ്പം തന്നെയോ, അതിനപ്പുറമോ പ്രാധാന്യമർഹിക്കുന്നതാണ് അദ്ദേഹത്തിൻറെ വേഴ്ചയും!

പരിക്ഷീണനായി മരണക്കിടക്കയിലാണ്ടുപോയ ശലോമോൻ , 'ഈ വയസ്സാങ്കാലത്തും എന്നെ ഹൃദയം പോലെ സൂക്ഷിക്കാനും തേൻകട്ട പോലെ ചുംബിക്കാനും തയ്യാറാവുമായിരുന്ന ഒരുവൾ എനിക്കുണ്ടായിരുന്നു.... ഒരുവൾ മാത്രം' എന്ന് അബീശഗിനെ ഓർക്കുന്നിടത്താണ് നോവലിന്റെ തുടക്കം.

അതിനുശേഷം നമ്മൾ കാണുന്നത് ബെന്യാമിന്റെ ഹൃദയംപൊട്ടി ഭാഷയുടെ ഉറവ പ്രവഹിക്കുന്നതാണ്.
രാജാവിന്റെ ഓർമ്മകളുടെ പുൽമേടുകളിലൂടെയാണ് പിന്നീടുള്ള സഞ്ചാരം!

700 കുലപത്നിമാരും 300 വെപ്പാട്ടികളും ഉൾപ്പെടുന്ന സാമ്രാജ്യത്തിന്റെ ഒരേയൊരുടമ! പക്ഷേ പ്രായമായതോടെ ആ വലിയ മരത്തെ

ഉപേക്ഷിച്ച് കിളികൾ എല്ലാം പറന്നകലുകയാണ്.

അതികാലത്തുള്ള അയാളുടെ സഞ്ചാരങ്ങളിൽ ഒരു ദിവസമാണ് അബീശഗിന്റെ ദർശനം ലഭിക്കുന്നത്. അയാളുടെ മധുര വാക്കുകൾ കേട്ട് കുളത്തിലെ താമര എന്നപോലെ കൂമ്പി അവൾ സ്വന്തം കൂടാരത്തിലേക്ക് ഓടിപ്പോയ്ക്കളയും !

ആ കാഴ്ച കണ്ട്, 'പ്രേമത്തിന് ഇഷ്ടം ആകുവോളം അതിനെ ഇളക്കരുത്; ഉണർത്തുകയുമരുത്' എന്ന് കിന്നരം മീട്ടി പാടുന്നത് യുവരാജാവിന് ഒരു ശീലവും ലഹരിയുമായി തീരുകയാണ്.

പോകപ്പോകെ, അവൾക്കായി മാത്രം അയാൾ ഒരു കാവ്യം രചിക്കുന്നു , അതാണത്രേ ഉത്തമഗീതം!

പക്ഷേ, അർദ്ധ സഹോദരനായ അദാനിയോവിൻറ ചതി അശനിപാതം പോലെ വന്നു പതിക്കുകയാണ്.

ശലോമോന്റെ അപ്പന് അതായത് വൃദ്ധനായ ദാവീദ് രാജാവിന് അവൾ കാഴ്ചവയ്ക്ക്പ്പെടുകയാണ്. 'കോലാടുകൾ മേഞ്ഞുപോയ ഞാറുകണ്ടം പോലെ ചവിട്ടി മെതിക്കപ്പെട്ടു എന്റെ ജീവിതം' എന്ന് യുവരാജാവ് വിലപിക്കുകയാണ്.

പിന്നീട് രാജാവായതിനുശേഷവും ഫറവോയുടെ മകളെ വിവാഹം കഴിക്കാൻ നിർബന്ധിതനായി തീരുകയാണ് ശലോമോൻ. രാജത്വത്തിനുവേണ്ടി രാജാവിന് പ്രണയം അടിയറവയ്ക്കേണ്ടി വരുകയാണ്. ഇതിനോടനുബന്ധിച്ച് സംഭവിക്കുന്ന വഴക്കുകളിലൂടെ, നാം ഉൾക്കിടിലത്തോടെ അറിയുന്നു, മാംസത്തെക്കുറിച്ച് സംസാരിക്കുന്ന അത്രയും ലാഘവത്തോടെയാണ് സ്ത്രീകളുടെ കാര്യങ്ങൾ തീരുമാനിക്കപ്പെട്ടിരുന്നത് എന്ന് .

ഇവിടെ ,
മുന്തിരിത്തോട്ടങ്ങളേയും
കോലാട്ടിൻപറ്റങ്ങളേയും
മാൻകുട്ടികളേയുമെല്ലാം
വഴിയിലുപേക്ഷിച്ച്
അസാധാരണ മൂർച്ചയുള്ള പടച്ചട്ട ധരിക്കുന്നു ബെന്യാമിന്റെ വാക്കുകൾ !

ബെത്ത്ശേബ തന്റെ ഭർത്താവായ ദാവീദ് രാജാവിനോട് പറയുന്ന ആ വാക്കുകൾ ആയിരിക്കണം ഈ നോവലിലെ ഏറ്റവും ചൂടുള്ള വാക്കുകൾ .. "പുരുഷന്മാർ എല്ലാവരും ഇങ്ങനെയാണ്.... കിടക്കയുടെ

ചൂടാറും മുൻപേ പറഞ്ഞ വാക്കുകൾ എല്ലാം മറക്കും"

തുല്യപ്രാധാന്യമുള്ള മറ്റൊരു രംഗത്തിൽ ശലോമോനോട് ശീബാരാജ്ഞി പറയുന്നു; "ഒരു സ്ത്രീയോടൊപ്പം ശയിക്കേണ്ടത് ശരീരം കൊണ്ടല്ല; മനസ്സു കൊണ്ടാണ് "
ഈയൊരു വാചകത്തിൽ നോവലിന്റെ മുഴുവൻ ആത്മാവും കുടികൊള്ളുന്നു!

അതെ ,

സോളമന് ആവശ്യത്തിലേറെ ഭാര്യമാർ ഉണ്ടായിരുന്നു..
വെപ്പാട്ടിമാർ ഉണ്ടായിരുന്നു..
പരിചരിക്കാൻ ആളുണ്ടായിരുന്നു.. സമ്പൽസമൃദ്ധിയുണ്ടായിരുന്നു..

പക്ഷേ,
അബീശഗിനെ എന്നെന്നേക്കുമായി നഷ്ടപ്പെട്ടതിനു ശേഷം, ഉത്തമഗീതങ്ങൾ പോലെ ഒന്ന് എഴുതാൻ അയാൾക്ക് ഒരിക്കലും കഴിഞ്ഞില്ല.

ഡിസി ആണ് പ്രസാധകർ
വില 65 രൂപ